# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4513 — 13.11.2019-ൽ മറുപടിയ്ക്ക്.

## ഇതരസംസ്ഥാനങ്ങളിൽ നിന്നുമുള്ള മായം ചേർത്ത പാൽ തടയുന്നതിന് നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.ടി. തോമസ്<br>ശ്രീ.വി.ടി.ബൽറാം | | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ഇതരസംസ്ഥാനങ്ങളിൽ നിന്നും മായം കലർന്ന പാൽ സംസ്ഥാനത്തേക്ക് കൊണ്ടുവരുന്നതായുള്ള വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) ഇതരസംസ്ഥാനങ്ങളിൽ നിന്നും ഗുണനിലവാരം കുറഞ്ഞതും മായം ചേർത്തതുമായ പാൽ കൊണ്ടുവരുന്നത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്? | (ബി) | സംസ്ഥാനത്തിന് പുറത്ത് നിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് ആര്യങ്കാവ് (കൊല്ലം), മീനാക്ഷിപുരം (പാലക്കാട്) അതിർത്തി ചെക്ക് പോസ്റ്റുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പാൽ പരിശോധന സംവിധാനം സജ്ജമാണ്. പാലിന്റെ ഗുണമേന്മ ഉറപ്പുവരുത്തി മാത്രമേ പാൽ സംസ്ഥാന ത്തിനുള്ളിലേയ്ക്ക് കടത്തി വിടുകയുള്ളൂ.<br>കൂടാതെ സംസ്ഥാനത്തെ 14 ജില്ലാ ആസ്ഥാനങ്ങളിലും പ്രവർത്തിക്കുന്ന ജില്ലാ ഗുണനിയന്ത്രണ ലാബുകൾ മുഖേന വിപണിയിൽ ലഭ്യമായ പാൽ സാമ്പിളുകൾ പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തുന്നുണ്ട്.<br>നിശ്ചിത ഗുണനിലവാരം പുലർത്താത്തതോ, മായം കലർത്തിയതോ ആയ പാൽ സാമ്പിളുകൾ കണ്ടെത്തിയാൽ വിവരം നിയമ നടപടികൾ സ്വീകരിക്കുന്നതിന് ഭക്ഷ്യ സുരക്ഷാവകുപ്പിനെ അറിയിക്കുകയാണ് ചെയ്യുന്നത്.<br>കൂടാതെ മാർക്കറ്റിൽ ലഭ്യമായ പാലിന്റെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ ശേഖരിച്ച് അനലറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തുന്നുണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളും ചെക്ക്പോസ്റ്റുകളിൽ പരിശോധനകൾ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ